**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **09-08-2023 - ൽ മറുപടിയ്ക്ക്**

**പൊക്കാളി നെല്ല് സംഭരിക്കുന്നതിന് സഹകരണ സംഘങ്ങളുടെ കൺസോർഷ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പൊക്കാളി നെൽകർഷകരുടെ നെല്ല് ന്യായവിലക്ക് സംഭരിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പൊക്കാളി നെൽകൃഷി നടത്തുന്ന പ്രദേശങ്ങളിലെ സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിച്ച് നെല്ല് സംഭരണം നടത്തുന്നതിന് അനുമതി തേടി സമർപ്പിച്ച നിർദ്ദേശം പരിശോധനയിലാണ്. |
| (ബി) | വൈപ്പിൻ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ പൊക്കാളി നെൽകർഷകരുടെ നെല്ല് ന്യായവിലയ്ക്ക് സംഭരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കോരമ്പാടം സർവ്വീസ് സഹകരണ ബാങ്ക് കർഷകരിൽ നിന്നും 20 ടണ്ണോളം പൊക്കാളി 55/- രൂപാ വിലയ്ക്ക് സംഭരിച്ചിട്ടുണ്ട്.സംഭരിച്ച നെല്ലിന്റെ വില അപ്പോൾ തന്നെ കർഷകർക്ക് നൽകിയിട്ടുണ്ട്.പൊക്കാളി അരി,പുട്ടുപൊടി, അവൽ തുടങ്ങിയ ഉൽപ്പന്നങ്ങളാക്കി ടി സംഘം മാർക്കറ്റ് ചെയ്യുന്നു.ഞാറക്കൽ സർവീസ് സഹകരണ ബാങ്ക്, ഞാറക്കൽ പ്രദേശങ്ങളിലെ വടക്കേ പല്ലംപിള്ളി കൃഷി സമാജം കൃഷി ചെയ്ത 3320 കിലോ നെല്ല് ന്യായവിലക്ക് സംഭരിച്ച് പ്രോസ്സസ് ചെയ്ത് വിപണനം നടത്തിക്കൊണ്ടിരിയ്ക്കുന്നു.<br><br>കൂടാതെ പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പൊക്കാളി നെല്ല് സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തി വരുന്നുണ്ട്. |
| (സി) | ഇയു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 06.02.2023-ന് ആർ.സി.എസ്./11331/2022-എം.പി.(2) കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇത് സംബന്ധിച്ച് ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ